I/90009/2023

ഭരണഭാഷ–മാതൃഭാഷ-

No: TCPTVM/635/2023-C

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്
ജില്ലാ നഗരാസൂത്രണ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം 695001
ഫോൺ 0471 -2339945
ഇ മെയിൽ tcpdtvm1@gmail.com
tptvm.lsgdplng@kerala.gov.in

തീയതി: 28-03-2023

ടൗൺപ്ലാനർ
തിരുവനന്തപുരം

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

സർ,

വിഷയം : ജില്ലാ നഗരാസൂത്രണ കാര്യാലയം - തിരുവനന്തപുരം - കെട്ടിട നിർമ്മാണം - കൺകറൻസ് അനുവദിക്കുന്നത്-സംബന്ധിച്ച്.

സൂചന : താങ്കളുടെ 16/03/2023-ലെ VTZ/A2/6624/22 നമ്പർ കത്ത്.

തിരുവനന്തപുരം നഗരസഭയിൽ പേരൂർക്കട വില്ലേജിൽ റീസർവ്വേ നമ്പർ: 399/54-1-ൽ ഉൾപ്പെട്ട 1.21 Are സ്ഥലത്ത് PMAY പദ്ധതി പ്രകാരം 60 ച ..മി പ്ലിന്ത് ഏരിയ ഉള്ള വാസഗൃഹത്തിൻറെ നിർമ്മാണ അനുമതിക്കായി സൂചന പ്രകാരം ലഭിച്ച അപേക്ഷ പരിശോധിച്ചതിൽ, 8/08/2022 തീയതിയിലെ സ.ഉ.(കൈ) നമ്പർ:179/2022/LSGD പ്രകാരം ഇടക്കാല വികസന ഉത്തരവിലെ നിർദിഷ്ട ഭൂവിനിയോഗ മാപ്പിലെ പബ്ലിക് &അർദ്ധ പബ്ലിക് ഉപയോഗ മേഖലയിൽ തെറ്റായി ഉൾപെട്ട സ്വകാര്യ ഭൂമിയിൽ 300 ച.മീറ്റർ വരെയുള്ള വാസഗൃഹ നിർമ്മാണത്തിന്, വസ്തുവിൻറെ ഉടമസ്ഥത നഗരസഭാ സെക്രട്ടറി ഉറപ്പ് വരുത്തിക്കൊണ്ട്, ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരത്തോടെ നിർമ്മാണ അനുമതി നൽകാവുന്നതാണ് എന്ന സർക്കാർ തീരുമാനത്തിന് വിധേയമായി മേൽ നോട്ടിലെ നിബന്ധനകൾക്ക് വിധേയമായി KMBR-2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും വിധേയമായി ജില്ലാ ടൗൺ പ്ലാനറുടെ കൺകറൻസ് നൽകുന്നു.

<u>നിബന്ധനകൾ</u>

1. നിർദിഷ്ട വസ്തുവിന്റെ ഉടമസ്ഥാവകാശം , 08/08/2022 തീയ്യതിയിലെ 179/2022/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. നിർദിഷ്ട വസ്തുവിന്റെ അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, വസ്തു നിലം, പുറമ്പോക്ക് എന്നിവയിൽ ഉൾപ്പെടുന്നില്ലെന്നും പ്രസ്തുത സ്ഥലത്തു മറ്റു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നുമില്ലെന്നും ഉറപ്പ് വരുത്തണം. 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.
3. കെ.എം.ബി.ആർ.2019 ചട്ടം 5 (6)(c) പ്രകാരമുള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമ്മാണം കെ.എം.ബി.ആർ.2019 നും നാളിതുവരെയുള്ള ഭേദഗതിക്കും , ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി

I/90009/2023

പരിശോധിച്ച് ഉറപ്പ് വരുത്തിയിരിക്കണം .

4. പ്രസ്തുത നിർമ്മാണം KMBR - 2019 chapter -VII ( Building construction under approved scheme )ചട്ടം 52 പ്രകാരം അംഗീകൃത സ്കീമിൽ ഉൾപെടുന്നതാണെന്ന സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ് . കൂടാതെ നിർമ്മാണം KMBR - 2019 ചട്ടം 53 ( Area & Floor restrictions ) , ചട്ടം 54 ( Setback Provisions )പ്രകാരം പാലിച്ച കൊണ്ടാണ് എന്നും സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ് .
5. പ്രസ്തുത പ്ലോട്ടിനോട് ചേർന്നു സ്ഥിതി ചെയ്യുന്നതും minimum 2.80 m വീതി ഉൾപെട്ടുകാണുന്ന കോൺക്രീറ്റ് റോഡ് kerala muncipality act , section 383 -A യുടെ പരിധിയിൽ ഉൾപെടുന്നില്ലയെന്ന സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ് .
6. നഗരസഭാ / കോർപറേഷൻ സെക്രട്ടറി നൽകുന്ന അനുമതി പ്രകാരമേ കെട്ടിട നിർമ്മാണം ആരംഭിക്കാവൂ.
7. കെ.എം.ബി.ആർ.2019 ചട്ടം 26(8) പ്രകാരം ഉറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
8. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
9. നിർമാണം കെ.എം.ബി.ആർ.2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തണം.
10. നിർദിഷ്ട നിർമ്മാണം, വാസഗൃഹത്തിനു മാത്രമാകുന്നു . കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിലോ വിനിയോഗഗണത്തിലോ മാറ്റം വരുത്താൻ പാടില്ല.
11. മറ്റു ഏജൻസികളിൽ നിന്ന് നിരാക്ഷേപപത്രം / അനുമതികൾ ആവശ്യമെങ്കിൽ ആയതു നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

RAJESH T N ..28/3

TOWN PLANNER

ഉള്ളടക്കം:-അംഗീകരിച്ച പ്ലാൻ (1സെറ്റ്)

പകർപ്പ്: അപേക്ഷകൻ,(അറിവിലേയ്ക്കായി)

Smt.Minimol.S,
Seena Manzil,Puthoorkonam,
Nettayam P.O,TVPM-695013.